

# സ്രഷ്ടാവായ ദൈവം

1

സീറോ മലബാർ സഭയുടെ വിശ്വാസ പരിശീലന പാഠാവലി.

## പാഠം 9

# മാതാപിതാക്കളെ അനുസരിക്കുന്ന ഈശോ



നസ്രത്തിലെ കൊച്ചു വീട്ടിലാണ്
ബാലനായ ഈശോയും അമ്മയായ മറിയവും
വളർത്തുപിതാവായ യൗസേപ്പും
ജീവിച്ചിരുന്നത് .

ബാലനായ ഈശോ മാതാപിതാക്കളെ അനുസരിച്ചു; ജോലികളിൽ അവരെ സഹായിച്ചു; ദൈവത്തിനും മനുഷ്യർക്കും ഇഷ്ടമുള്ളവനായി വളർന്നുവന്നു.

# നമുക്കു പാടാം



അപ്പച്ചൻ അമ്മച്ചി സോദരങ്ങൾ
എല്ലാരേയും ഞാൻ അനുസരിക്കും
എന്നീശോ ചൊല്ലിയ നേർവഴിയിൽ
എന്നും ഞാനീശോയെ പിൻതുടരും

സ്നേഹമോടെല്ലാർക്കും നന്മ ചെയ്യാൻ
സ്നേഹത്താലീശോയെ സ്വന്തമാക്കാൻ
ഞാനിന്നുമെന്നും പരിശ്രമിക്കും
ദാനങ്ങളെല്ലാം ഞാൻ പങ്കുവയ്ക്കും



എന്റെ അപ്പനെയും അമ്മെയും ഞാൻ സഹായിക്കും വീട്ടിലെ ചെറിയ ചെറിയ ജോലികൾ ഞാൻ ചെയ്യും ഞാൻ മാതാപിതാക്കളെയും മുതിർന്നവരെയും അനുസരിക്കുന്നതാണ് ഈശോയ്ക്കിഷ്ടം. ഞാനും ഈശോയെപ്പോലെഎന്റെ മാതാപിതാക്കളെ അനുസരിക്കും അവരെ ഞാൻ സഹായിക്കും വീട്ടിലെ ചെറിയ ചെറിയ ജോലികൾ ചെയ്തു നല്ല കുട്ടിയായി ഞാൻ വളരും.

# എന്റെ മാതാപിതാക്കളെ ഏതെല്ലാം കാര്യങ്ങളിൽ സഹായിക്കുവാൻ എനിക്കു കഴിയുമെന്ന് എഴുതുക.

- 1.
- 2.
- 3.
- 4.
- 5.
- 6.
- 7.

എന്റെ അപ്പന്റെ പേര്...



എന്റെ അമ്മയുടെ പേര്

# കൈകൾ കൂപ്പാം

അനുസരണത്തിന്റെ മാതൃകയായ ഈശോ യേ, മാതാപിതാക്കളേയും മുതിർന്നവരേയും അനുസരിക്കുവാൻ എന്നെ പഠിപ്പിക്കണമേ.



# മനഃപാഠമാക്കാം

‘ഇശോ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റേയും മനുഷ്യരുടേയും പ്രീതിയിലും വളർന്നുവന്നു’.

ലൂക്കാ 2:52

## സ്വന്തമാക്കേണ്ട ബോധ്യങ്ങൾ

* ബാലനായ ഈശോ മാതാപിതാക്കളെ അനുസരിച്ചു.

* ഞാൻ മാതാപിതാക്കളെയും മുതിർന്നവരെയും അനുസരിക്കുന്നതാണ് ഈശോയ്ക്കിഷ്ടം.



# സ്വന്തമാക്കേണ്ട മനോഭാവങ്ങൾ

* എപ്പോഴും മാതാപിതാക്കളെയും മുതിർന്നവരെയും അനുസരിക്കാനുള്ള സന്നദ്ധത.



## സ്വന്തമാക്കേണ്ട ശീലങ്ങൾ

* ഞാൻ മാതാപിതാക്കളെയും മുതിർന്നവരെയും അനുസരിക്കും.


THANK
YOU